**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2059** **12-09-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ക്ഷീരവികസന യൂണിറ്റിന് കീഴിൽ എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നും പ്രസ്തുത സംഘങ്ങൾ വഴി പ്രതിദിനം എത്ര ലിറ്റർ പാലുല്പാദനം നടത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കോതമംഗലം ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ നിലവിൽ 47 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത ക്ഷീര സംഘങ്ങൾ വഴി പ്രതിദിനം 18500 ലിറ്ററിലധികം പാൽ സംഭരണം ഉണ്ട്. |
| (ബി) | പദ്ധതി പ്രദേശത്തെ വിപുലമായ ഏരിയായും ക്ഷീര സഹകരണ സംഘങ്ങളുടെ ബാഹുല്യവും നിലവിലെ യൂണിറ്റിൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരുടെ അപര്യാപ്തതയും പദ്ധതി നിർവഹണത്തിൽ തടസ്സം സൃഷ്ടിക്കുന്നത് കണക്കിലെടുത്ത് കുട്ടമ്പുഴ, കീരമ്പാറ പഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതിയ ക്ഷീരവികസന സർവീസ് യൂണിറ്റ് ആരംഭിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ? | (ബി) | കോതമംഗലം ബ്ലോക്കിനെ വിഭജിച്ച് പുതിയ ക്ഷീരവികസന യൂണിറ്റ് തുടങ്ങുന്നതിന്റെ സാധ്യത പരിശോധിച്ചതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ